# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>തോട്ടം തൊഴിലാളികളുടെ താമസ സൗകര്യം</u>

8341 ശ്രീ. പാലോട് രവി
,, എം.എ. വാഹീദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ തൊഴിലാളികളുടെ താമസ സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പുതിയ പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>വ്യാവസായിക പരസ്യ ചിത്രകലാ ആർട്ടിസ്റ്റുകൾ</u>

8342 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാപകമായ രീതിയിൽ ഫ്ളക്സ് പ്രിന്റിംഗ് നിലവിൽ വന്നതു കാരണം പരമ്പരാഗതമായി പരസ്യമേഖലയിൽ പ്രവർത്തിച്ചിരുന്ന വ്യാവസായിക പരസ്യചിത്രകലാ ആർട്ടിസ്റ്റുകൾക്ക് വലിയ തോതിൽ തൊഴിൽ നഷ്ടപ്പെടുകയും അവർ ദുരിതമനുഭവിക്കുകയും ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; വിശദാംശങ്ങൾ നൽകുമോ?

**കേരള നിയമസഭ**
**25.07.2012-ലെ മറുപടിക്ക്**

<u>തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കാൻ നടപടി</u>

8343 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സുരക്ഷാ പദ്ധതി</u>

8344

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ആർ. സെൽവരാജ്
,, ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സുരക്ഷാ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി തൊഴിലാളികൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**25.07.2012-ലെ മറുപടിക്ക്**

<u>തൊഴിൽ വൈദഗ്ധ്യം വികസിപ്പിക്കാനുള്ള പദ്ധതി</u>

8345 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വൈദഗ്ധ്യം വികസിപ്പിക്കാനുള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>ക്ഷേമനിധി ബോർഡുകളുടെ പോരായ്മകൾ</u>

8346 ശ്രീ. കെ. ശിവദാസൻ നായർ
'' സി.പി. മുഹമ്മദ്
'' എ.റ്റി. ജോർജ്
'' വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധി ബോർഡുകളുടെ പോരായ്മകൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ക്ഷേമനിധി ബേർഡുകൾ ഏകോപന സംവിധാനം ഏർപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

ഗാർഹിക തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതി

8347

ശ്രീ. പി. കെ. ബഷീർ
,, എം. ഉമ്മർ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാർഹിക തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതിയുടെ ഗുണഭോക്താക്കളുടെ കണക്കെടുപ്പു നടത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിവരം നല്കാമോ;

(ബി) പ്രസ്തുത മേഖലയിൽ ജോലി ചെയ്യുന്നവർക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

ഇ.എസ്.ഐ. ആശുപത്രികളിലെ ഡോക്ടർമാരുടേയും ജീവനക്കാരുടേയും കുറവ്

8348

ശ്രീ. കെ. മുരളീധരൻ
,, ലൂഡി ലൂയിസ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. ആശുപത്രികളിലെ ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും കുറവ് നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) പ്രസ്തുത കുറവ് നികത്താൻ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

**കേരള നിയമസഭ**
**25.07.2012-ലെ മറുപടിക്ക്**

<u>ജോബ് ഫെസ്റ്റ് മുഖേന തൊഴിലവസരങ്ങൾ</u>

8349 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് എവിടെയെല്ലാം ഏതൊക്കെ തീയതികളിൽ ജോബ് ഫെസ്റ്റ് നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ജോബ് ഫെസ്റ്റുകളിൽ എത്ര തൊഴിൽരഹിതർ ഓരോ സ്ഥലത്തും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇതിൽ എത്ര പേർക്ക് ഇതിനകം തൊഴിൽ നൽകാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

കർഷകത്തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം

8350 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായത്തിനായി എത്ര തുകയാണ് നിലവിൽ അനുവദിക്കുന്നത്; ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(ബി) വിവാഹ ധനസഹായത്തിനായി ലഭിച്ച അപേക്ഷകളിൽ ഇനി എത്ര അപേക്ഷകളാണ് പാലക്കാട് ജില്ലയിൽ തീർപ്പാക്കാനുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>തെങ്ങുകയറ്റ തൊഴിലാളികൾക്ക് ക്ഷേമനിധി</u>

8351 ശ്രീ. വി. എസ്. സുനിൽകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെങ്ങുകയറ്റ തൊഴിലാളികളെ വിദഗ്ദ്ധ തൊഴിലാളികളായി അംഗീകരിച്ചിട്ടുണ്ടോ;

(ബി) തെങ്ങുകയറ്റ തൊഴിലാളികൾക്കായി ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) അപകടത്തിൽപ്പെടുന്ന തൊഴിലാളികൾക്ക് അവശതാ പെൻഷൻ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ പെൻഷൻ നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) ജോലിക്കിടയിൽ അപകടത്തിൽപ്പെട്ട് മരണമടയുന്ന തൊഴിലാളികളുടെ കുടുംബത്തിന് ധനസഹായം നല്കുന്നുണ്ടോ; എങ്കിൽ എത്ര എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനത്തിന്റെ പ്രായപരിധി

8352 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനത്തിന്റെ പ്രായപരിധി വിവിധ വിഭാഗങ്ങൾക്ക് എത്രയാണ് ;

(ബി) പി.എസ്.സി. നിയമനങ്ങൾക്ക് അപേക്ഷിക്കാൻ പ്രായപരിധി ഉയർത്തിയതിനനുസൃതമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനത്തിനും പ്രായപരിധി ഉയർത്തുമോ ; അതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ ;

(സി) കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയുള്ളവരും, പി.എസ്.സി. നിയമനത്തിനുള്ള പ്രായപരിധി കഴിഞ്ഞവരും ആയവർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനത്തിൽ കൂടുതൽ പരിഗണന നൽകുമോയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പദ്ധതികൾ</u>

8353 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി നൂതന തൊഴിൽ പരിശീലനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>തൊഴിൽരഹിതവേതനം പദ്ധതി</u>

8354 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, സി. മമ്മൂട്ടി
,, കെ. എം. ഷാജി
,, റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിതവേതന പദ്ധതി പരിഷ്കരിക്കാനുള്ള നിർദ്ദേശങ്ങളെന്തെങ്കിലും പരിഗണനയിലുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി തൊഴിൽരഹിതവേതന പദ്ധതി കാലാനുസൃതമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) തൊഴിൽരഹിതവേതനത്തിന് അർഹരായവരെ നിശ്ചയിക്കുന്ന നിലവിലെ മാനദണ്ഡം വിശദമാക്കുമോ; അത് ലളിതമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>നൈപുണ്യ തൊഴിൽക്ഷമതാ വികസന പദ്ധതി</u>

8355 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, കെ. എൻ. എ. ഖാദർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ തൊഴിൽക്ഷമതാ വികസന കേന്ദ്രങ്ങളാക്കി മാറ്റാൻ തയ്യാറാക്കിയ പ്രോജക്ടിന്റെ പ്രധാന ഘടകങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം പ്രയോജനം ലഭിച്ചവരുടെ വിശദ വിവരം നൽകാമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തവരും തൊഴിൽ ലഭിച്ചവരും</u>

8356 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്നു; അവ എവിടെയെല്ലാം; ഇവയുടെ പരിധി ഏതൊക്കെ ജില്ലകളിലായി കേന്ദ്രീകരിച്ചിരിക്കുന്നു; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഡോക്ടർ, എഞ്ചിനീയർ, ചാർട്ടേഡ് അക്കൗണ്ടന്റ് എന്നിങ്ങനെ തരംതിരിച്ച് എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഏതൊക്കെ കാറ്റഗറിയിൽപ്പെട്ടവർക്ക് ഇവിടേക്ക് പേര് രജിസ്റ്റർ ചെയ്യാം;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഇതിനോടകം എത്രപേർക്ക് ജോലി ഉറപ്പാക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ കിളിമാനൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും വിവിധ തസ്തികകളിലേക്കുള്ള നിയമനം</u>

T8357 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ കിളിമാനൂർ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ നിന്നും വിവിധ തസ്തികകളിലായി ഏത് തീയതി വരെ രജിസ്റ്റർ ചെയ്തിട്ടുള്ളവരെയാണ് പാർട്ട് -ടൈ, താൽക്കാലിക ദിവസ വേതനാടിസ്ഥാനത്തിൽ ഇതു വരെ നിയമനത്തിന് പരിഗണിച്ചിട്ടുള്ളത്; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ നിയമനം വേർതിരിച്ച് ലഭ്യമാക്കാമോ;

(സി) വികലാംഗരുടേയും വിധവകളുടേയും നിയമന വിവരം പ്രത്യേകിച്ച് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>ക്യാമ്പ് ഫോളോവർമാരുടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം</u>

8358 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി പോലീസ് യൂണിറ്റിലെ ക്യാമ്പ് ഫോളോവർമാരുടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനത്തിന് ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് അയയ്ക്കുമ്പോൾ അവരുടെ പ്രവൃത്തി പരിചയം മാനദണ്ഡമായി സ്വീകരിക്കാറുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രവൃത്തി പരിചയം ഇല്ലാത്തതുമൂലം ഉദ്യോഗാർത്ഥികളെ നിയമിക്കുമ്പോൾ വളരെയധികം ബുദ്ധിമുട്ടുകൾ പോലീസ് വകുപ്പിനുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഇനിയും ലിസ്റ്റുകൾ അയയ്ക്കുമ്പോൾ ഉദ്യോഗാർത്ഥികളുടെ പ്രവൃത്തി പരിചയം കൂടി കണക്കിലെടുക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ക്യാമ്പ് ഫോളോവർമാരുടെ സീനിയോറിറ്റി ലിസ്റ്റ് ഏത് വരെയായിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കാൻ നടപടി</u>

8359 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും വന്ന കുടിയേറ്റ തൊഴിലാളികൾ വൻ തോതിൽ ചൂഷണം ചെയ്യപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അന്യസംസ്ഥാന തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് തടയുന്നതിനുള്ള നടപടികൾ പര്യപ്തമാണോ ; അല്ലെങ്കിൽ കര്യക്ഷമമായി നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ;

(സി) അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനായുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ ;

(ഡി) അന്യസംസ്ഥാന തൊഴിലാളികളുടെ ജില്ലാതല ലിസ്റ്റ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാഡമി</u>

8360 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ അനുവദിച്ച കൺസ്ട്രക്ഷൻ അക്കാഡമിയുടെ കെട്ടിട നിർമ്മാണവും, അനുബന്ധ പ്രവർത്തന പുരോഗതിയും അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ കെട്ടിടനിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കി സ്ഥാപനം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>ചേര്‍ത്തല ആട്ടോകാസ്റ്റില്‍ ജോലി ചെയ്തിരുന്ന സ്കില്‍ഡ് വര്‍ക്കേഴ്സിനെ പിരിച്ചുവിട്ട മാനേജ്മെന്റിന്റെ നടപടി</u>

8361 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പത്തു വര്‍ഷത്തിലധികമായി ചേര്‍ത്തല ആട്ടോ കാസ്റ്റില്‍ ജോലി ചെയ്തിരുന്ന സ്കില്‍ഡ് വര്‍ക്കേഴ്സിനെ പിരിച്ചുവിട്ട മാനേജ്മെന്റിന്റെ നടപടി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) മോഡല്‍ എംപ്ലോയര്‍ എന്ന നിലയില്‍ പ്രവര്‍ത്തിക്കേണ്ട സര്‍ക്കാരും പൊതുമേഖലാ സ്ഥാപനങ്ങളും ഇത്തരം നടപടികള്‍ അവസാനിപ്പിക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>പെരുമ്പാവൂർ ഇ.എസ്.ഐ ആശുപത്രിയുടെ പുനരുദ്ധാരണം</u>

8362 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ ഇ.എസ്.ഐ ആശുപത്രിയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആശുപത്രി കെട്ടിടം പുനരുദ്ധരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിലെ നിലവിലുള്ള തസ്തികകളും ഒഴിഞ്ഞുകിടക്കുന്നവയും ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിൽ ആവശ്യമുള്ള ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) ആശുപത്രി സ്ഥിതിചെയ്യുന്ന സ്ഥലത്തെ കാടും പാഴ്വൃക്ഷങ്ങളും വെട്ടിമാറ്റുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ആശുപത്രി വക സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(എഫ്) കെട്ടിടം നിൽക്കുന്നതൊഴികെയുള്ള സ്ഥലം നഗരസഭക്ക് കൈമാറാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>ചേർത്തല ഇ.എസ്.ഐ. ആശുപത്രിയുടെ പരിമിതികൾ</u>

8363 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല ഇ.എസ്.ഐ. ആശുപത്രിയുടെ പരിമിതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഡോക്ടർമാരുടെയും മരുന്നുകളുടെയും കെട്ടിടത്തിന്റെയും പോരായ്മകൾ മൂലം ചേർത്തല ഇ.എസ്.ഐ. ആശുപത്രിയിൽ നിന്നും തൊഴിലാളികൾക്ക് ലഭിക്കേണ്ട സേവനങ്ങൾ വേണ്ട രീതിയിൽ ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പോരായ്മകൾ അടിയന്തിരമായി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>എഴുകോൺ ഇ.എസ്.ഐ. ആശുപത്രി ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്</u>

8364

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയെയും അവിടുത്തെ ജീവനക്കാരെയും ഇ.എസ്.ഐ. കോർപ്പറേഷൻ ഏറ്റെടുത്തത് ഏതു കാലയളവ് മുതലാണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ആശുപത്രി കോർപ്പറേഷൻ ഏറ്റെടുത്ത തീയതി മുതൽ അവിടുത്തെ ജീവനക്കാരെ ഇ.എസ്.ഐ. കോർപ്പറേഷൻ സ്ഥിരപ്പെടുത്താത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ജീവനക്കാരെ സ്ഥിരപ്പെടുത്താതിരുന്നാൽ ജീവനക്കാർക്ക് സർവീസ് സീനിയോറിറ്റിയിലും ലഭ്യമാകാവുന്ന മറ്റ് ആനുകൂല്യങ്ങളിലും എന്തെല്ലാം നഷ്ടങ്ങൾ ഉണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>വ്യവസായ പരിശീലന വകുപ്പിലെ ജൂനിയർ ഇൻസ്ട്രക്ടർ തസ്തിക</u>

8365 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ (എ. സി. ഡി) തസ്തികയിൽ ആകെ എത്ര ഒഴിവുകൾ നിലവിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ എത്ര ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) ജൂനിയർ ഇൻസ്ട്രക്ടർ (എ. സി. ഡി) തസ്തികയ്ക്ക് വേണ്ടിയുള്ള ലിസ്റ്റ് നിലവിൽ ഉണ്ടോ;

(ഡി) ഇല്ലെങ്കിൽ വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടി സ്വീകരിക്കുവാൻ പി. എസ്. സി യോട് ആവശ്യപ്പെടുമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

**ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ പ്രീമിയത്തിലെ ഭീമമായ വർദ്ധനവ് ഒഴിവാക്കാൻ നടപടി**

8366 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ പ്രീമിയം വർദ്ധിപ്പിക്കാനുള്ള തൊഴിൽ വകുപ്പിന്റെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പദ്ധതിയുടെ പ്രീമിയം 713 രൂപയിൽ നിന്ന് 1307 രൂപയായി വർദ്ധിപ്പിക്കാനുള്ള തീരുമാനം ഉചിതമാണോ; പ്രസ്തുത തീരുമാനം പുന:പരിശോധിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ; വിശദമാക്കുമോ;

(ബി) ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഗുണഭോക്താക്കൾ കൂടുമ്പോൾ പ്രീമിയം കുറയ്ക്കുന്നതിനു പകരം 594 രൂപ വർദ്ധിപ്പിച്ച് ബി.പി.എൽ കുടുംബങ്ങളിലെ ഗുണഭോക്താക്കളെപ്പോലും ദ്രോഹിക്കാനുള്ള തൊഴിൽ വകുപ്പിന്റെ തീരുമാനം നീതികരിക്കാൻ സാധിക്കുമോ; വിശദമാക്കുമോ;

(സി) നിലവിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര ലക്ഷം പേർക്കാണ് ഗുണം ലഭിക്കേണ്ടത്; ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ എത്ര പേർക്ക് ഇതിന്റെ ഗുണം ലഭിച്ചുവെന്നും ആയതിലേയ്ക്ക് ഇൻഷുറൻസ് കമ്പനി ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) സർക്കാർ ആശുപത്രികളിൽ പോലും പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നില്ലെന്ന വ്യാപക പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?